# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/BP-153/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡെവലെപ്മെന്റ് കമ്മീഷണർ, ഗ്രാമവികസനവകുപ്പ്, തിരുവനന്തപുരം
3) കാര്യാലയ പകർപ്പ്

നമ്പർ: KSA/TVM/BP-153/2022 തീയ്യതി: 18/03/2022

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 10-01-2022 | 20-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2022 | 20-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, AO (HG)
ശ്രീമതി.ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ബീന.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ (15.01.2022 മുതൽ 20.01.2022 വരെ)
ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷാനിബാ ബീഗം.എ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി സജിന സത്താർ | സെക്രട്ടറി | 01-04-2019 | 20-06-2019 |
| ശ്രീ.ലെനിൻ.എൽ | സെക്രട്ടറി | 21-06-2019 | 30-09-2019 |
| ശ്രീ.സറഫ്ദ്ദീൻ.എം | സെക്രട്ടറി | 01-10-2019 | 09-10-2019 |
| ശ്രീമതി ഷൈനി.ജി | സെക്രട്ടറി | 10-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജികുമാർ.എം. | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 30-05-2019 |
| ശ്രീമതി ശ്രീജ.എസ്.ജി.നായർ | പട്ടികജാതി വികസന ഓഫീസർ | 31-05-2019 | 31-03-2020 |
| ശ്രീമതി ഗംഗ.ആർ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീ.സുനിൽ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-08-2019 | 06-08-2019 |
| ശ്രീമതി രശ്മി.ആർ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 07-08-2019 | 31-03-2020 |
| ശ്രീ. രാജേഷ്.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അച്ചാമ്മ.എ.എസ് | മെഡിക്കൽ ഓഫീസർ – സി.എച്ച്.സി. പുത്തൻതോപ്പ് | 01-04-2019 | 31-03-2020 |
| ഡോ.രമ ഗാർനെറ്റ് | മെഡിക്കൽ ഓഫീസർ – സി.എച്ച്.സി. അണ്ടർക്കോണം | 01-04-2019 | 31-03-2020 |
| ഡോ. ബിന്ദുകുമാരി.എ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ഡോ.പ്രീതാകുമാരി.ആർ | ശിശു വികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreedevi S (Senior Grade Auditor, On 25-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-1 |
| 2 | ബജറ്റ് രൂപീകരണം - അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 27-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-1-1 |
| 3 | ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 25-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 23-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 23-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-3 |
| 6 | സാമ്പത്തികവിശകലനം<br>Written By: Jayalekshmi BK (Senior Grade Auditor, On 23-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 23-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-5 |
| 8 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ പദ്ധതി നടപ്പിലാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 07-03-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-5-1 |
| 9 | വെറ്റിനറി സർജന്റെ നിർവ്വഹണത്തിൽ ആസൂത്രണം ചെയ്ത പദ്ധതി നടപ്പാക്കിയില്ല<br>Written By: Beena.N (Senior Grade Auditor, On 30-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-5-2 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreedevi S (Senior Grade Auditor, On 28-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-6 |
| 11 | വി.ഇ.ഒ യുടെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 23-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-7 |
| 12 | അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 23-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-8 |
| 13 | പ്ലാൻ ഫണ്ടിൽ നിന്നും തുക മുൻകൂറായി പിൻവലിച്ചിരിക്കുന്നു- ശിശുവികസന ഓഫീസർ തുക തിരിച്ചടച്ചതിന് വ്യക്തതയില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 23-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-9 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-10 |
| 15 | കിലയിൽ നിന്ന് തുക തിരികെ ലഭ്യമാക്കേണ്ടതാണ്<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-11 |
| 16 | കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ | 1-12 |

| | | |
|---|---|---|
| | കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: Biji T (Computer Assistant, On 08-03-2022) | |
| 17 | സ്കൂളുകളിൽമാലിന്യ നിർമ്മാർജ്ജന പ്ളാന്റ് സ്ഥാപനം-അപാകങ്ങൾ-70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-13 |
| 18 | ഇലക്ട്രിക്ക് വർക്കുകൾക്ക് ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് പ്രവൃത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-14 |
| 19 | പത്താംതരം തുല്യതാ കോഴ്സ് -ചെലവു തുക 74,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: Biji T (Computer Assistant, On 08-03-2022) | 1-15 |
| 20 | ISO സർട്ടിഫിക്കേഷനായി വാങ്ങിയ ഉപകരണങ്ങൾ സറ്റോക്കിൽ എടുത്തിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: Biji T (Computer Assistant, On 08-03-2022) | 1-16 |
| 21 | യാത്രാബത്ത-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-17 |
| 22 | നെയിംബോർഡ് നിർമ്മാണം-മുൻകൂർ ക്രമീകരിച്ചില്ല.<br>Written By: Lathakumari M (Audit Officer, On 24-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-18 |
| 23 | വനിതാ ജിംനേഷ്യം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 26-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-19 |
| 24 | PMAY( G) പദ്ധതി-റവന്യൂ റിക്കവറി നടപടി -തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 26-01-2022)<br>Last Updated By: Biji T (Computer Assistant, On 09-03-2022) | 1-20 |
| 25 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 27-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-21 |
| 26 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപേക്ഷയോടൊപ്പമുള്ള രേഖകൾ പൂർണമല്ല<br>Written By: Sreedevi S (Senior Grade Auditor, On 27-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-22 |
| 27 | ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖ ഹാജരാക്കിയില്ല<br>Written By: Sreedevi S (Senior Grade Auditor, On 27-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-23 |
| 28 | ചെലവഴിക്കാതെ അവശേഷിച്ച 8000/- രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 27-01-2022)<br>Last Updated By: Biji T (Computer Assistant, On 09-03-2022) | 1-24 |
| 29 | പർച്ചേസ് ചെയ്ത ലാബ് റീഏജന്റ്സ് സ്റ്റോക്കിലെടുത്തതിൽ അപാകത<br>Written By: Sreedevi S (Senior Grade Auditor, On 28-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-25 |

| | | |
|---|---|---|
| 30 | സെക്കൻഡറി പാലിയേറ്റീവ് കെയർ – പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 28-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-26 |
| 31 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സമയബന്ധിതമായി കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയില്ല<br>Written By: Beena.N (Senior Grade Auditor, On 30-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-27 |
| 32 | സ്നേഹ സ്പർശം പദ്ധതി, പകൽ വീട് പ്രൊജക്ട് - നീക്കിയിരുപ്പ് തുക ബ്ളോക്ക് പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയില്ല.<br>Written By: Beena.N (Senior Grade Auditor, On 30-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-28 |
| 33 | സ്പിൽ ഓവർ പദ്ധതി നടപ്പാക്കിയില്ല<br>Written By: Beena.N (Senior Grade Auditor, On 30-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-29 |
| 34 | ശിശു വികസന പദ്ധതി ഓഫീസർ- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല<br>Written By: Beena.N (Senior Grade Auditor, On 30-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 23-01-2022)<br>Last Updated By: K Sreeja (Deputy Director, On 15-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 26-01-2022)<br>Last Updated By: Biji T (Computer Assistant, On 08-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 26-01-2022)<br>Last Updated By: Biji T (Computer Assistant, On 08-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 26-01-2022)<br>Last Updated By: Shiela Ubald (Joint Director, On 18-03-2022) | 4-4 |
| 5 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayalekshmi BK (Senior Grade Auditor, On 15-03-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 15-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayalekshmi BK (Senior Grade Auditor, On 26-01-2022)<br>Last Updated By: Biji T (Computer Assistant, On 08-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayalekshmi BK (Senior Grade Auditor, On 26-01-2022)<br>Last Updated By: Biji T (Computer Assistant, On 08-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 26-01-2022)<br>Last Updated By: Biji T (Computer Assistant, On 08-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 30-01-2022)<br>Last Updated By: Shiela Ubald (Joint Director, On 18-03-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 30-01-2022)<br>Last Updated By: Shiela Ubald (Joint Director, On 18-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 28.02.19 തീയതിയിലെ ജനറൽ കമ്മിറ്റിയുടെ അടിയന്തിര യോഗം/പ്രത്യേക യോഗം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് - ചെലവുകൾ ചുവടെപ്പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 30,93,177 |
| പ്രതീക്ഷിത വരവ് | 36,65,60,000 |
| ആകെ | 36,96,53,177 |
| പ്രതീക്ഷിത ചെലവ് | 35,11,70,519 |
| നീക്കിയിരിപ്പ് | 1,84,82,658 |

### 1-1-1 ബജറ്റ് രൂപീകരണം - അപാകതകൾ

ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട 2019-20 വർഷത്തെ ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) ഉടങ്ങിയ ഓഫീസ് ചെലവുകളുടെ ബജറ്റ് തയ്യാറാക്കി നൽകിയതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.44/19.01.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളെല്ലാം ഇനി മുതൽ സൂക്ഷിക്കുന്നതാണെന്നും ബജറ്റ് ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്നും അറിയിച്ചിരിക്കുന്നു. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

### 1-1-2 ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകതകൾ

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) -ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/വകയിരു-
ത്താതെ തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഇനം | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ജനപ്രതിനിധികൾക്കുള്ള യാത്രാബത്ത | 2501005 | - | 28,480 |
| 2 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 2205101 | - | 10,000 |
| 3 | വാടക | 2304001 | 50,000 | 1,79,950 |
| 4 | മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 2308001 | - | 2,91,000 |
| 5 | കൃഷിയും അനുബന്ധ മേഖലകളും - പച്ചക്കറി | 2501011 | - | 24,600 |
| 6 | ക്ഷീരവികസനം - പശ്ചാത്തല സൗകര്യങ്ങൾ | 2501048 | - | 3,70,600 |
| 7 | കടൽ മത്സ്യ കൃഷി | 2501051 | - | 15,000 |
| 8 | അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 2511011 | - | 74,000 |
| 9 | മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ | 2513012 | - | 9,00,000 |
| 10 | ഹൗസിംഗ് & ഹൗസ് ഇലക്ട്രിഫിക്കേഷൻ | 2513014 | - | 70,000 |
| 11 | മറ്റ് പ്ലാൻ ചെലവുകൾ | 2516008 | - | 4,95,967 |
| 12 | പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ | 2522012 | - | 9,68,073 |
| 13 | പൊതു കെട്ടിടങ്ങൾ | 2523001 | - | 17,61,897 |
| 14 | പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം | 2531009 | - | 77,128 |
| 15 | ഐ.കെ.എം. നല്ല പണം നൽകൽ | 2531012 | 62,269 | 65,072 |
| 16 | റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ | 2551001 | - | 26,19,175 |
| 17 | റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - മത്സ്യ കൃഷി | 2552003 | - | 1,99,501 |
| 18 | പൊതു ആരോഗ്യപരിപാടികൾ | 2512002 | 300000 | 399972 |

അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞവയുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/19.01.22 മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 25.06.2020 |

വാർഷികധനകാര്യപത്രിക- അപാകതകൾ

1. സാംഖ്യയിൽ അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വിവിധ അക്കൗണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

2. Income & Expenditure Statement പ്രകാരമുള്ള ആകെ ചെലവ്(47130554) ആകെ വരുമാനത്തെക്കാൾ(43785462) കൂടിനിൽക്കുന്നു

3. വികസനഫണ്ട് (ജനറൽ) വരവ് വാർഷികധനകാര്യപത്രിക പ്രകാരമുള്ളതും (20310910), എ.സി.ആർ. പ്രകാരമുള്ളതും (21553261) പൊരുത്തപ്പെടുന്നില്ല.

4. ജനറൽ പർപ്പസ് ഗ്രാന്റ്- വരവ് വാർഷികധനകാര്യപത്രിക പ്രകാരമുള്ളതും (2995200), എ.സി.ആർ. പ്രകാരമുള്ളതും (4493000) പൊരുത്തപ്പെടുന്നില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷികധനകാര്യപത്രികയിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

7. സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ സുലേഖ ചെലവ്പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

8. ചെലവ് രേഖപ്പെടുത്താൻ സാംഖ്യ വൗച്ചർ സൂക്ഷിക്കുന്നില്ല.

9. വരവ്-ചെലവുകൾ കൃത്യമായി ബാങ്ക്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ചില ഉദാ. ചുവടെ ചേർക്കുന്നു

1. 23.05.2019 ന് Union Bank(Life) അക്കൗണ്ടിൽ നിന്നും STSB അക്കൗണ്ടിലേക്ക് 1431810/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയത് 21.08.2019 നാണ്.

2. 17.05.2019 ന് STSB അക്കൗണ്ടിൽ വന്ന 23863/- രൂപ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയത് 19.08.2019 നാണ്

3. IOB-IAY 4545- ബാങ്ക് അക്കൗണ്ടിൽ നിന്ന് 11.11.2019 ന് ചെക്ക് നം. 510227 പ്രകാരം പിൻവലിച്ച 2750/- രൂപ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ബാങ്ക്ബുക്കിൽ 31.03.2020ന് 4000/- രൂപ (Total Sanitation -3175, Revenue Grant- 825/-) ലഭിച്ചതായി കാണിച്ചിരിക്കുന്നു. എന്നാൽ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ പ്രസ്തുത തുക സാമ്പത്തിക വർഷം ലഭിച്ചതായി കാണുന്നില്ല.

വരവ്-ചെലവുകൾ ബാങ്ക്ബുക്കിൽ അതാത് സമയം രേഖപ്പെടുത്തേണ്ടതും, ചെലവുകളുടെ ചെക്ക് നമ്പർ കൃത്യമായി ചേർക്കേണ്ടതുമാണ്.

10. വാർഷികധനകാര്യ പത്രിക പ്രകാരം Vijaya Bank- SIGN- 1365 അക്കൗണ്ടിൽ 2019-20 സാമ്പത്തികവർഷം 2980/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ടി അക്കൗണ്ട് വർഷങ്ങൾക്ക് മുൻപ് ക്ലോസ് ചെയ്തതാണെന്നും, വിജയ ബാങ്ക് ഇപ്പോൾ നിലവിലില്ലാത്തതിനാലാണ് ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതെന്നുമാണ് വിശദീകരണം. ക്ലോസ് ചെയ്ത അക്കൗണ്ട് ഇപ്പോഴും വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

11. വാർഷികധനകാര്യ പ്രകാരമുള്ള ഗുണഭോക്തൃവിഹിതം വരവ്-ചെലവ്- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| വരവ് | ചെലവ് | വരേണ്ടിയിരുന്ന നീക്കിയിരിപ്പ് | ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 305032 | 4750 | 300282 | 290532 |

എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഗുണഭോക്തൃവിഹിതമിനത്തിലെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല

12. I-18 Schedule പ്രകാരം വിവിധ വരവ്-ചെലവ് ഇനങ്ങളിൽ തുക അഡ്ജസ്റ്റ് ചെയ്തിരിക്കുന്നു. ഇപ്രകാരം മാറ്റം വരുത്താനുണ്ടായ കാരണം, ആയതിന് ഭരണസമിതി അനുമതി ലഭിച്ചിതിന്റെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നൽകിയില്ല

13. വാടക വരവ് വ്യക്തതയില്ല

1. വാടക രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. സാമ്പത്തികവർഷം വിവിധ വാടകയിനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ പ്രസ്തുത രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

2. ബാലൻസ് ഷീറ്റ് പ്രകാരം വാടകയിനത്തിൽ 285482/- രൂപ ലഭിക്കാനുള്ള ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ലഭിക്കാനുള്ള വാടകകുടിശ്ശിക 286153/- രൂപയാണ്.

3. രജിസ്റ്റർ പ്രകാരം ഓഡിറ്റോറിയം/ഹാൾ വാടകയിനത്തിൽ വരവില്ല എന്നാൽ വാർഷികധനകാര്യപത്രികപ്രകാരം ഈ ഇനത്തിൽ 7000/- രൂപ വരവുണ്ട്.

ലഭിക്കാനുള്ള കുടിശ്ശികയിൽ വ്യത്യാസമുള്ള 671/- രൂപ 2022-23 വർഷത്തിൽ ഡിമാന്റ് ഇട്ട് അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

14.എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലെ വരവ്, ചെലവ് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടുകൾ മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിവരുന്നതെന്നും, എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ട് സെക്രട്ടറിയുടേയും, ജോയിന്റ് ബി.ഡി.ഒ-യുടേയും സംയുക്ത അക്കൗണ്ടായതിനാലാണ് ഉൾപ്പെടുത്താത്തതെന്നുമാണ് വിശദീകരണം ലഭ്യമാക്കിയിരിക്കുന്നത്.

15. എം.എൻ.ആർ.ഇ.ജി.എസ് - അഡ്വാൻസ് നൽകിയ തുകയുടെ സംക്ഷിപ്തം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അഡ്വാൻസ് തുക വാർഷികധനകാര്യ പത്രിക പ്രകാരമുള്ളതും, ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുമായി (ഓഡിറ്റ് എൻക്വയറി നം. 32 നുള്ള മറുപടി) പൊരുത്തപ്പെടുന്നില്ല

| | വാർഷികധനകാര്യ പത്രിക പ്രകാരം | ലഭ്യമാക്കിയ മറുപടി പ്രകാരം |
|---|---|---|
| അഡ്വാൻസ് നൽകിയ തുക | 917217 | 919857 |
| റീ ക്ലപ്പ്ചെയ്ത തുക | 531483 | 919857 |
| ലഭിക്കാൻ ബാക്കിയുള്ള തുക | 863467 | 0 |

അപാകത പരിഹരിക്കേണ്ടതാണ്.

16. വാർഷികധനകാര്യപത്രിക RP-36 പ്രകാരം 'Refunds Payable- Grants And Funds' ഇനത്തിൽ 372044/- രൂപ ചെലവായി കാണിച്ചിരിക്കുന്നു. ഇത് ഏത് ഇനത്തിലെ ചെലവാണെന്നതിന് വ്യക്തമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

17.സംയുക്ത പദ്ധതിക്കായുള്ള ഫണ്ട് വരവ്, ചെലവ്, നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

| | മുന്നിരുപ്പ് (എ.എഫ്.എസ് പ്രകാരം) | വരവ് (എ.എഫ്.എസ് പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| വില്ലേജ് പഞ്ചായത്ത് വിഹിതം | 1400000 | 1513075 | 0 | 7771106 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 514,000 | 1400000 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,323,001 | 0 | 0 | 0 |

അപാകതയ്ക്ക് വ്യക്തത വരുത്തേണ്ടതും, പരിഹരിക്കേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

(I) 2019-20 വർഷത്തെ എ.സി.ആർ. പ്രകാരം പ്ലാൻഫണ്ട് ലഭിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു

| ഗ്രാന്റ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 43766000 | 21553261 (*) | 22212739 | 70% |
| വികസന ഫണ്ട് (SCP) | 20910000 | 8615463 | 12294537 | 41% |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 5719000 | 2547300 | 3171700 | 45% |
| കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | | | | |

(*)- എ.എഫ്.എസ് പ്രകാരം ഈ ഇനത്തിലെ ചെലവ്- 20310910/- രൂപയാണ്.

വികസന ഫണ്ട് (SCP), മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ട് പകുതിയിലധികവും ലാപ്സാകുകയുണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണമാവശ്യ-
പ്പെട്ടെങ്കിലും മറുപടി നൽകിയില്ല. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് തുടർവർഷങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്.

(Ii) മേഖലാവകയിരുത്തൽ- അപാകതകൾ

1. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ വകയിരുത്തൽ നടത്തിയതിന്റെ 7% മാത്രമേ ചെലവഴിച്ചിട്ടുള്ളു.
2. മാർഗ്ഗരേഖ ഖ. 6.1, 6.2 എന്നിവ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ ബജറ്റ് പ്രകാരം പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച 41% തുകയും, പട്ടികവർഗ്ഗ ഉപപദ്ധതിക്കായി ലഭിച്ച മുഴുവൻ തുകയും പാഴായിരിക്കുന്നു.
3. ഖണ്ഡിക 5.4.1(9) ബ്ലോക്ക്പഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 30% ൽ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താൻ പാടുള്ളതല്ല. ഇപ്രകാരം കണക്കാക്കുമ്പോൾ പരമാവധി വകയിരുത്താൻ കഴിയുന്ന തുക 6273000/- രൂപയാണ്. എന്നാൽ 8052952/- രൂപ വകയിരുത്തിയിരിക്കുന്നു.
4. മേഖലാ വകയിരുത്തലുകളിലെ ചെലവ് ശതമാനം ചുവടെ ചേർക്കും പ്രകാരമാണ്.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 13199440 | 3323765 | 25 |
| | സേവനം | 29616160 | 14966695 | 51 |
| | പശ്ചാത്തലം | 7185000 | 2020450 | 28 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 64000 | 32000 | 50 |
| | സേവനം | 16952048 | 6104853 | 36 |

| | | | | |
|---|---|---|---|---|
| | പശ്ചാത്തലം | 8052952 | 2478610 | 31 |
| പട്ടികവർഗ്ഗ വിഭാഗം | സേവനം | 396000 | 0 | 0 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ഇതിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

(iii) ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ മുൻവർഷം ചെലവഴിക്കാത്തത് തൻവർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| 320100110- Centrally Sponsored Scheme- IAY-General | 28023738 |
| 320100111- Centrally Sponsored Scheme- IAY-SCP | 5750000 |
| 320100115- Centrally Sponsored Scheme- TSC | 716115 |
| 320100118- Centrally Sponsored Scheme- IWMP | 25123 |
| 320100121- Centrally Sponsored Scheme- ICDS | 527412 |
| 320200102- Developement Fund- SCP- Capital | 5995400 |
| 320200301- Grant For Specific Pur. | 369 |
| 320200323- Grant For Keralolsavam | 1905 |
| 320300199- Grant For Specific Pur. | 25000 |
| 320700203- Contr. Joint Venture- Village Panchayats | 77711 06 |

മേൽ ഫണ്ടിനങ്ങളുടെ ചെലവ് വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിവിധ ഏജൻസികളിൽ നിന്ന് ലഭ്യമായി ചെലവഴിക്കാത്ത തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലായെങ്കിൽ അതാത് ഏജൻസികളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38944115 |
| വരവ് | 40344803 |
| ആകെ | 79288918 |
| ചെലവ് | 48900825 |
| നീക്കിയിരുപ്പ് | 30388093 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഉൾപ്പെടാതെ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 115 | 88050755 | 63 | 31473673 | 52 | 36% |

2019-20 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ 55 ശതമാനത്തിൽ കുറവ് മാത്രമേ ചെലവഴിച്ചിട്ടുള്ളു.

| നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് ശതമാനം |
|---|---|
| സെക്രട്ടറി | 37% |
| അസി. ഡയറക്ടർ(കൃഷി) | 19% |
| വെറ്ററനറി സർജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 53% |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 0% |
| അസി. എൻജിനീയർ | 29% |

പദ്ധതി ചെലവിനത്തിൽ കുറവ് വന്നത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല. ഇതിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

## 1-5-1 കൃഷി അസിസ്റ്റന്റ് ഡയറക്ടർ പദ്ധതി നടപ്പിലാക്കിയില്ല

2019-20 വർഷം കൃഷി, അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തുന്നതിനായി വിഭാവനം ചെയ്തിരുന്ന ചുവടെ പറയുന്ന പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ട് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|---|
| 1 | 35/20 | കാർഷിക ആവശ്യങ്ങൾക്ക് യന്ത്രങ്ങൾ 2019-20 | വികസന ഫണ്ട് | 26,47,000 | 0 |
| | | | മറ്റുള്ളവ | 2,94,111 | 0 |
| 2 | 71/20 | മത്സ്യവില്പനയ്ക്കായി ഓട്ടോറിക്ഷ ഐസ് ബോക്സ് സഹിതം 2019-20 | വികസന ഫണ്ട് | 5,00,000 | 0 |
| | | | മറ്റുള്ളവ | 5,00,000 | 0 |
| 3 | 74/20 | കരിമീൻ കൂട് 2019-20 | വികസന ഫണ്ട് | 48,000 | 0 |
| | | | മറ്റുള്ളവ | 72,000 | 0 |

മേൽ പ്രോജക്ടുകൾ നടപ്പിലാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/15.01.21 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 1 പ്രകാരമുള്ള പ്രോജക്ട് സ്പിൽ ഓവർ ആയി നടപ്പാക്കിയിട്ടുണ്ടെന്നും മറ്റുള്ളവ സ്പിൽ ഓവർ ആയിട്ടും നടപ്പാക്കിയിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ക്രമ നം. 2,3 എന്നിവ പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5-2 വെറ്റിനറി സർജന്റെ നിർവ്വഹണത്തിൽ ആസൂത്രണം ചെയ്ത പദ്ധതി നടപ്പാക്കിയില്ല

വെറ്റിനറി സർജൻ 2019-20 ൽ വിഭാവന ചെയ്ത ക്ഷീര വികസന_മേഖലയിലെ ചുവടെ പറയുന്ന പദ്ധതി നടപ്പാക്കിയില്ല. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മൃഗസംരക്ഷണ- ക്ഷീര വികസനം മേഖലയിൽ ഉത്പാദനം വർധിപ്പിച്ച് സ്വയം പര്യാപ്തത നേടുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. വെറ്റിനറി സർജൻ 2019-20 ൽ ആകെ ഒരു പദ്ധതിയ്ക്കാണ് അംഗീകാരം വാങ്ങിയത്. ആയത് നടപ്പാക്കിയുമില്ല. നിർവ്വഹണ ഉദ്യോഗസ്ഥ പ്രോജക്ടിൽ വകയിരുത്തിയ 11 ലക്ഷം രൂപ ചെലവഴിക്കുകയോ, പ്രാരംഭ നടപടി സ്വീകരിക്കുകയോ ചെയ്യാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് 26.12.19 ലെ ജനറൽ കമ്മിറ്റി മിനിട്സ് തീരുമാനം നം. 1 പ്രകാരം

തീരുമാനമെടുത്തു. 09.01.20 ലെ ജനറൽ കമ്മിറ്റി മിനിട്സ് തീരുമാനം നം. 3 പ്രകാരം പദ്ധതി തുക 13,00000/-രൂപയായി ഭേദഗതി ചെയ്ത് തീരുമാനമെടുത്തു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് തുക |
|---|---|---|---|---|
| 85/20 | ആട് പ്രജനന യൂണിറ്റ് | വികസന ഫണ്ട് | 1300000 | 0 |
| | | ഗുണഭോക്തൃ വിഹിതം | 2600000 | 0 |
| | | ആകെ | 3900000 | 0 |

ഇപ്രകാരം പദ്ധതി പണം പാഴാക്കിയതിന് വിശദീകരണം ആരാഞ്ഞു കൊണ്ട് 12.01.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.ഓഡിറ്റ് എൻക്വയറി നമ്പർ - 7/22) വിശദീകരണം ലഭ്യമാക്കിയില്ല. വാർഷിക പദ്ധതിയിൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ പൂർണമായും, സമയബന്ധിതമായും നടപ്പാക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.2021 മുതൽ 03.11.2021 വരെ | 2020-21 | 07.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.09.2020 മുതൽ 09.10.2020 വരെ | 2015-16 മുതൽ 2019-20 വരെ | 03.12.2020 |

## 1-7 വി.ഇ.ഒ യുടെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 12 വി.ഇ.ഒ മാരാണുള്ളത്. പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ ഐ.എ.വൈ പദ്ധതിക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് വിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (33,17.01.21) മറുപടിയായി മൂന്ന് വി.ഇ.ഒമാർ തുക തിരികെ സർക്കാരിൽ ഒടുക്കിയതുമായി ബന്ധപ്പെട്ട ചലാന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. മറ്റുള്ളവരുടെ അക്കൗണ്ട് വിശദാംശം ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ അക്കൗണ്ട് വിശദാംശം ചുവടെ ചേർക്കുന്നു.

| വി.ഇ.ഒ- പഞ്ചായത്ത് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുണ്ടായിരുന്ന നീക്കിയിരിപ്പ് | ലഭ്യമാക്കിയ ചലാൻ പ്രകാരം തിരിച്ചടച്ച തുക | റിമാർക്സ് |
|---|---|---|---|
| വി.ഇ.ഒ. പോത്തൻകോട് ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പകർപ്പ് പ്രകാരം 13.11.2019 ൽ 66468/- രൂപ പിൻവലിച്ച് അക്കൗണ്ട് ബാലൻസ് 0 ആക്കിയിട്ടുണ്ട് | എന്നാൽ രണ്ട് ചലാൻ പ്രകാരം ആകെ 158515/- രൂപയാണ് 3604-00-911-99 ശീർഷകത്തിൽ ഒടുക്കിയിരിക്കുന്നത് (13.11.2019ന് 66468, 14.11.2019ന് 92017 | പിൻവലിച്ചതും, തിരിച്ചടച്ചതുമായ തുക സംബന്ധിച്ചുള്ള പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതാണ് |

| | | | |
|---|---|---|---|
| | | എന്നിങ്ങനെ) | |
| വി.ഇ.ഒ.-1 കഠിനംകുളം ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയില്ല | ചലാൻ പ്രകാരം 1274331/- രൂപ 3604-00-911-99 ശീർഷകത്തിൽ ഒടുക്കിയിരിക്കുന്നു | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| വി.ഇ.ഒ.-2 കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയില്ല | ചലാൻ പ്രകാരം 302745/- രൂപ 3604-00-911-99 ശീർഷകത്തിൽ ഒടുക്കിയിരിക്കുന്നു | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വ്യക്തതവരുത്തേണ്ടതും, മറ്റ് വി.ഇ.ഒ. മാരുടെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-8 അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

1)അഡ്വാൻസ് രജിസ്റ്ററിൽ എൻ.ആർ.ഇ.ജി.എസ്-ന് അഡ്വാൻസ് നൽകുന്നതിന്റെ വിശദാംശം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിന്റെ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് പ്രകാരം 'Advance To Implementing Officer' ഇനത്തിൽ 118091/- രൂപയും, 'Advance To Others' ഇനത്തിൽ 863467/- രൂപയും ക്രമീകരിക്കാനവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. ഇത് ആർക്കൊക്കെ അഡ്വാൻസ് നൽകിയതിന്റെ വിശദാംശമാണ്, നാളിതുവരെ ക്രമീകരിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല.

2)വാർഷികധനകാര്യപത്രിക പ്രകാരം 'Advance To Implementing Officer' ഇനത്തിൽ 343347/- രൂപയും, 'Advance To Others' ഇനത്തിൽ 917217/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ പരാമർശങ്ങൾ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-9 പ്ലാൻ ഫണ്ടിൽ നിന്നും തുക മുൻകൂറായി പിൻവലിച്ചിരിക്കുന്നു- ശിശുവികസന ഓഫീസർ തുക തിരിച്ചടച്ചതിന് വ്യക്തതയില്ല

1)വാർഷികധനകാര്യ പത്രിക B-4 Schedule പ്രകാരം വികസനഫണ്ട്(എസ്.സി.പി) ഇനത്തിൽ 5995400/- രൂപ ചെലവഴിക്കാത്ത തുകയായി തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ഇത് പിൻവലിച്ച് തനത് ഫണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്ത വർഷം, എന്താവശ്യത്തിനാണ് ഇപ്രകാരം തുക മുൻകൂർ പിൻവലിച്ചത്, ആയത് തിരിച്ചടയ്ക്കാത്തതിന് കാരണം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

2)വൗച്ചർ നം.21900659/31.3.2020 പ്രകാരം '2017-18 വാർഷികപദ്ധതിയിൽ ശിശുവികസന ഓഫീസർ മുഖേന നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ ചെലവഴിക്കാൻ കഴിയാത്ത 59742/- രൂപ' തിരികെ ഒടുക്കിയത് സർക്കാറിലേക്ക് തിരിച്ചടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തുക മുൻകൂർ പിൻവലിച്ച് തിരിച്ചടയ്ക്കാനുണ്ടായ സാഹചര്യം, മുൻകൂർ പിൻവലിക്കുന്ന തുക ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്, നിലവിലും ഇപ്രകാരം തുക മുൻകൂർ പിൻവലിക്കുന്നുണ്ടോ, മുൻകൂർ പിൻവലിച്ച് ചെലവഴിക്കാതെ സർക്കാരിൽ തിരിച്ചടയ്ക്കാനുള്ള തുകയുടെ വിശദാംശം, 2019-20 സാമ്പത്തികവർഷം ആകെ എത്ര തുക ഏതെല്ലാം നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും തിരികെ സർക്കാരിൽ ഒടുക്കിയിട്ടുണ്ട് ഉടങ്ങിയവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. മേൽ സൂചിപ്പിച്ചവയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1. മേൽ വൗച്ചർ പ്രകാരം തുക തിരിച്ചടച്ചതിന്റെ രേഖയായ ട്രഷറി ചെലാനിൽ സീൽ പതിപ്പിച്ചിട്ടില്ലാത്തതിനാൽ തിരിച്ചടവിന്റെ ആധികാരികത വ്യക്തമല്ല. തുക തിരികെ സർക്കാരിൽ ഒടുക്കിയതുമായി ബന്ധപ്പെട്ട ആധികാരിക

രേഖ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1)പ്ലാൻ ഫണ്ടിൽ നിന്നും തുക മുൻകൂറായി പിൻവലിച്ചിരിക്കുന്നു
2)വി.ഇ.ഒ. മാരുടെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല.
3)അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.
4)കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.
ടി അപാകങ്ങൾ പരിഹരിക്കാൻ ജനറൽ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-11 കിലയിൽ നിന്ന് തുക തിരികെ ലഭ്യമാക്കേണ്ടതാണ്

1.ചെക്ക് നം-6045961, തീയതി 28-12-19 പ്രകാരം, ദുരന്ത നിവാരണ പരിശീലന പരിപാടിക്കായി കിലയുടെ നിർദ്ദേശ പ്രകാരം 39558/- രൂപ ചെലവഴിച്ചു. ടി തുക തനതു ഫണ്ടിൽ നിന്ന് നൽകാനും, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി, ടി തുക കിലയിൽ നിന്ന് ലഭ്യമാക്കാനും തീരുമാനിച്ചിട്ടുള്ളതായി വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നു. ടി തുക കിലയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറിക്ക്നം.11)

2.ചെക്ക് നം-1828430/10-10-19,പ്രകാരം, ഹരിതദൃഷ്ടി മൊബൈൽ ആപ്ളിക്കേഷൻ പരിശീലനത്തിന് കിലയുടെ നിർദ്ദേശപ്രകാരം ,8194/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ടി തുകകൾ കിലയിൽ നിന്ന് തിരികെ ലഭ്യമാക്കേണ്ടതാണ്.

## 1-12 കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.

1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. ബ്ലോക്ക്പഞ്ചായത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല. തൻമൂലം തനതു ഫണ്ടിനു 2019-20 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം 795/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ടി തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.28)

## 1-13 സ്കൂളുകളിൽമാലിന്യ നിർമ്മാർജ്ജന പ്ളാന്റ് സ്ഥാപനം-അപാകങ്ങൾ-70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്-വിവിധ സ്കൂളുകളിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപനം

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ
പദ്ധതി നം-SO117/18

അടങ്കൽ തുക- 2400000/-

ചെലവു തുക-372117രൂ(ബിൽ നം-/7-9-19)

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 17 സ്കൂളുകളിൽ മാലിന്യ നിർമ്മാർജ്ജന പ്ളാന്റ് സ്ഥാപനം നടത്താൻ ഉദ്ദേശിച്ചുള്ള, ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.സർക്കാർ ഉത്തരവു നം, സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14-2-18 നം സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6-8 പ്രകാരം, തദ്ദേശ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയുടെ 100% ഉം, കൈമാറിക്കിട്ടാത്ത സർക്കാർ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയുടെ 50% ഉം ആണ് സബ്സിഡി നല്കാവുന്നത്. എന്നാൽ ഇവിടെ 17 സ്കൂളുകൾക്കും യൂണിറ്റ് കോസ്റ്റിന്റെ 100% തുകയും അനുവദിച്ചിരിക്കുന്നു.

2.സർക്കാർ സ്ഥാപനമല്ലാത്ത St.Vincent English Medium School എന്ന സ്വകാര്യ സ്ഥാപനത്തിന്, പോർട്ടബിൾ ബയോഗ്യാസ് ($4m^3$) സ്ഥാപിക്കാൻ യൂണിറ്റ് കോസ്റ്റിന്റെ 100% തുകയായ 70000/- രൂ അനുവദിച്ചിരിക്കുന്നു. ടി തുക തടസ്സം ചെയ്യുന്നു.

3.നിർവ്വഹണ ഏജൻസിയായ IRTCയുടെ അക്രഡിറ്റേഷൻ തെളിയിക്കുന്ന സർക്കാർ ഉത്തരവോ സാക്ഷ്യ പത്രമോ ഫയലിൽ ഇല്ല.

4.സർക്കാർ ഉത്തരവ്വ നം,സ.ഉ(കൈ) നം.11/2018/തസ്വഭവ തീയതി നം, പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം, സ്പിൽ ഓവർ പദ്ധതികൾ അതതു വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ടി പദ്ധതി പൂർത്തികരിച്ച ഫൈനൽ ബിൽ സമർപ്പിച്ച് ഒരു വർഷം കഴിഞ്ഞിട്ടും, ബിൽ തുക കിട്ടിയില്ല ഏന്നറിയിച്ച കൊണ്ട് നിർവ്വഹണ എജൻസിയായ IRTC നല്കിയ കത്തി ഫയലിൽ ഉണ്ട്. ബിൽ നം.1/7-9-19 പ്രകാരം നല്കിയ 372117/- രൂപയാണ് അവസാനം നല്കിയ ബിൽ തുക.

5.ടി പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ടോ, പ്ലാന്റ് സ്ഥാപിച്ചതായുള്ള സ്ഥാപന മേധാവിയുടെ റിപ്പോർട്ടോ ഫയലിൽ ഇല്ല.

6.മാലിന്യ നിർമ്മാർജ്ജന പ്ളാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കു (നം.36) മറുപടി കിട്ടിയില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 ഇലക്ട്രിക്ക് വർക്കുകൾക്ക് ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് പ്രവൃത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം ഗവ.കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനു ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണമെന്ന നിഷ്കർഷിക്കുന്നു. 2019-20 വർഷം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന നാല്ലു പ്രവൃത്തികളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്

| ക്രമ നം | പ്രോജക്ട് നം,പേര് | ബിൽ നം,തുക. | ഇലക്ട്രിഫിക്കേഷന് ചെലവഴിച്ച തുക |
|---|---|---|---|
| 1 | SO-88/19,ഘടകസ്ഥാപന അടിസ്ഥാന സൗകര്യ വികസനം | 1/15-7-19<br>67912 | 60000 |
| 2 | SO-120/19,അഴൂർ GHS ഗേൾസ് ഫ്രണ്ട്‌ലി ടോയ്ലറ്റ്. | 19/16-2-19<br>354281 | 69808 |
| 3 | 140/19,തോന്നക്കൽ GHS ഗേൾസ് ഫ്രണ്ട്‌ലി ടോയ്ലറ്റ്. | 34/30-3-22 | 74672 |
| 4 | 130/19, മുണ്ടൻചിറ കമ്മ്യൂണിറ്റി ഹാൾ | 16/7-11-19 | 94586 |

ടി പ്രവൃത്തികളുടെ'ഒറിജിനൽ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് Lumpsum ആയി തുക ഉൾക്കൊള്ളിക്കുകയും, ടെണ്ടർ കിട്ടിയ കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് ടി തുക തന്നെ ക്വാട്ടു ചെയ്ത ശേഷം, പിന്നീട് പുതുക്കിയ എസ്റ്റിമേറ്റു നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ടി നാല്ലു പ്രവൃത്തികളും നടത്തിയ കരാറുകാർക്ക് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ലൈസൻസ് ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 38,39 എന്നിവയ്ക്കുള്ള മറുപടിയിൽ പ്രവൃത്തികൾ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അസി.എഞ്ചിനീയർ എന്നിവരുടെ മേൽ നോട്ടത്തിലാണ് നടക്കുന്നതെന്ന അറിയിച്ചിരിക്കുന്നു.

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം അനുശാസിക്കുന്ന രീതീയിൽ ഭാവിയിൽ ഇലക്ട്രിക്ക് വർക്കുകൾക്ക് ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് പ്രവൃത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പത്താംതരം തുല്യതാ കോഴ്സ് -ചെലവു തുക 74,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രോജക്ട് നം. – SO038/2019-20

ബിൽ.നം – 35

അടങ്കൽതുക - 74000/-

ചെലവ് തുക – 74000/- (ACR Bill No.177/22.2.20)

മേൽപദ്ധതികളിൽ ഉൾപ്പെടുത്തി, പത്താംതരം തുല്യതാ കോഴ്സിനു 40 പഠിതാക്കളുടെ കോഴ്സ് ഫീസായി 74000/- രൂപ സാക്ഷരതാ മിഷനു നല്കി. ടി പദ്ധതി ഫയലിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ടി തുകയ്ക്ക് സാക്ഷരതാ മിഷനിൽ നിന്ന് ലഭിച്ച രസീതു ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

3.പഠിതാക്കളിൽ എത്ര പേർ സാക്ഷരതാ മിഷൻ നടത്തിയ ക്ളാസിൽ പങ്കെടുത്തുവെന്നോ,പരീക്ഷ എഴുതി എന്നോ

വ്യക്തമല്ല.

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക (നം.14) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിലേയ്ക്കായി ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-16 ISO സർട്ടിഫിക്കേഷനായി വാങ്ങിയ ഉപകരണങ്ങൾ സറ്റോക്കിൽ എടുത്തിട്ടില്ല.

ISO സർട്ടിഫിക്കേഷനായി പ്രവർത്തനങ്ങളുടെ ഭാഗമായി താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിരുന്നു,

| ക്രമ നം | ചെക്ക് നം,തീയതി | തുക | വാങ്ങിയ ഉപകരണം |
|---|---|---|---|
| 1 | 6045180/7-9-19 | 35990 | Sony LED TV |
| 2 | 6045176/6-9-19 | 14000 | Executive Chair |
| 3. | 6/7-9-1904582 | 5782 | Fire Extinguisher(2) |
| 4 | 5919223/8-3-20 | 58330 | CCTV Camera,Intercom. |
| 5 | 5919215/13-3-20 | 32480 | നെയിംബോർഡ്. |

ടി ഉപകരണങ്ങൾ സറ്റോക്കിൽ എടുത്തിട്ടില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക (നം.12) മറുപടി കിട്ടിയില്ല. ടി ഉപകരണങ്ങൾ സ്റ്റോക്കിൽ എടുക്കേണ്ടതാണ്.

## 1-17 യാത്രാബത്ത-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾക്ക് യോഗങ്ങളിൽ പങ്കെടുക്കാൻ ദിനബത്ത ഒഴിച്ചുള്ള യാത്രാബത്തയ്ക്ക് അർഹത ഉണ്ടായിരിക്കും എന്ന് 14/12/98 ലെ സർക്കുലർ നം.20223/P3/98/തസ്വഭവ നം.സർക്കുലറിൽ പറഞ്ഞിരിക്കുന്നു. എന്നാൽ പോത്തൻകോട് ബ്ളോക്ക് പഞ്ചായത്തിൽ അംഗങ്ങൾക്കുള്ള യാത്രാബത്ത ദിനബത്തയുടെ രൂപത്തിലാണ് നല്കി വരുന്നത്. ഇതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവോ സർക്കുലറോ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.13). ഉദാഹരണം ചുവടെ ചേർക്കുന്നു.

വൈസ് പ്രസിഡന്റ് ശ്രീ.യാസിറിന് ചെക്ക് നം.6043160/22-8-19 പ്രകാരം 14560/- രൂപ യാത്രാബത്ത നല്കിയിട്ടുള്ളത്. ടിയാന് കടവൂർ നിന്ന് കഴക്കൂട്ടം വരെ 24 കി.മി.യാത്രയ്ക്ക് കമ്മിറ്റി യോഗങ്ങൾക്ക് ഒരു ദിനബത്തയും (360രൂ), മറ്റു യോഗങ്ങൾക്ക് പകുതി ദിനബത്തയും (160രൂ) എന്ന നിരക്കിലാണ് യാത്രാബത്ത നല്കിയിട്ടുള്ളത്. യാത്രാവാഹനം ഏതെന്ന് വ്യക്തമല്ല.

2,ശ്രീമതി.മേരിഷീലയ്ക്ക് ചെക്ക് നം.6045159/17-8-19 പ്രകാരം 13920/- രൂ യാത്രാബത്ത നല്കിയിട്ടുണ്ട്. ടിയാൾക്ക് പുതുക്കുറിച്ചി നിന്ന് കഴക്കൂട്ടം വരെ യാത്രയ്ക്ക് കമ്മിറ്റി യോഗങ്ങൾക്ക് ഒരു ദിനബത്തയും (360രൂ), മറ്റു യോഗങ്ങൾക്ക് പകുതി ദിനബത്തയും (160രൂ) എന്ന നിരക്കിലാണ് യാത്രാബത്ത നല്കിയിട്ടുള്ളത്. ടിയാൾ ബസ്സിലാണ് യാത്ര ചെയ്തിട്ടുള്ളത്.
സർക്കുലർ നം. 4914/P3/2000/തസ്വഭവ തീ 14/8/2000 പ്രകാരം അംഗങ്ങൾ താമസസ്ഥലത്തു നിന്ന് പഞ്ചായത്ത് ആസ്ഥാനത്തേക്കുള്ള ദൈനംദിന യാത്രയ്ക്ക് യാത്രാ ബത്തയ്ക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതു കൂടെ കണക്കിലെടുത്ത് മേല്പറഞ്ഞ സർക്കുലർ പ്രകാരം യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള

യാത്രാബത്ത ക്ലയിം ചെയ്യുമ്പോൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഏറ്റവും ചെലവു കുറഞ്ഞ യാത്രാമാർഗ്ഗം അവലംബിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-18 നെയിംബോർഡ് നിർമ്മാണം-മുൻകൂർ ക്രമീകരിച്ചില്ല.

ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് നെയിംബോർഡുകൾ സ്ഥാപിക്കുന്നതിനായി തനതുഫണ്ടിൽ നിന്ന് താഴെ പറയുന്ന പ്രകാരം തുകകൾ മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നം | ചെക്ക് നം,തീയതി | തുക | കൈപ്പറ്റിയ വ്യക്തി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 6045174/5-9-19 | 10000 | ശ്രീ.യൂജിൻ,GEO |
| 2 | 604518/7-9-19 | 5000 | ശ്രീ.യൂജിൻ,GEO |
| 3 | 605173/5-9-19 | 10000 | ശ്രീ.യൂജിൻ,GEO |
| 4 | 6045186/23-9-19 | 10000 | ശ്രീ.യൂജിൻ,GEO |
| 5 | 6045187/24-9-19 | 10000 | ശ്രീ.യൂജിൻ,GEO |
| 6 | 6045189/24-9-19 | 10000 | ശ്രീ.യൂജിൻ,GEO |
| 7 | 6045190/24-9-19 | 10000 | ശ്രീ.ലെനിൻ |

സർക്കാർ ഉത്തരവു നം GO(P) 419/2011/Fin തീയതി 4-10-11 പ്രകാരം, വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന മുൻകൂറുകൾ, അവ കൈപ്പറ്റി മൂന്നു മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. എന്നാൽ ടി തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശം വൗച്ചറിൽ ലഭ്യമല്ല. തുക ക്രമീകരിച്ചതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10)

## 1-19 വനിതാ ജിംനേഷ്യം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തു വളപ്പിൽ സ്ഥിതിചെയ്യുന്ന വനിതാ ജിംനേഷ്യം പ്രവർത്തനക്ഷമമാക്കാൻ ഒരു വനിതാ ട്രെയിനറെ നിയമിക്കാൻ 26/12/19ലെ ജനറൽകമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം-1). ഓഡിറ്റ് എൻക്വയറി നം.19 ലൂടെ വനിതാ ജിംനേഷ്യം സ്ഥാപിച്ച വർഷം, ചെലവായ തുക, ആയതിന്റെ പ്രവർത്തന നിയമാവലി എന്നീ വിശദാംശങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി കിട്ടിയില്ല. മേൽ തീരുമാനത്തിന്മേൽ തുടർ നടപടി ഒന്നും നാളിതു വരെ ഉണ്ടായിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. വനിതാ ജിംനേഷ്യം പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 PMAY( G) പദ്ധതി-റവന്യൂ റിക്കവറി നടപടി -തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1.PMAY( G) പദ്ധതി പ്രകാരം 2016-17 വർഷം എഗ്രിമെന്റ് വച്ച ശ്രീമതി പ്രസന്ന, ശ്രീമതി. വിജയകുമാരി (അക്കരവിള ലക്ഷം വീട്) എന്നിവർ 48000/- രൂപ വീതം കൈപ്പറ്റിയെങ്കിലും വീട്ടുപണിയുടെ കാര്യത്തിൽ പുരോഗതി ഇല്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി മൂന്നു നോട്ടീസ് അയച്ചിട്ടുണ്ട്.
2) നിലവിൽ റവന്യൂ റിക്കവറി നടപടി നേരിടുന്ന നാലു പേരിൽ ശ്രീമതി.ജയകുമാരി വീട്ടുപണി പൂർത്തികരിച്ചിട്ടുള്ളതായും, ശ്രീമതി അനിത (50000/-രൂപ) ശ്രീമതി. സുഗത (130000/-രൂ), ശ്രീമതി. സജിത (330000/-രൂ) എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടി തുടരുന്നതായും ഓഡിറ്റ് എൻക്വയറി നം. 17ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
രണ്ടു നടപടികളുടെയും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ |
| പദ്ധതി നമ്പർ | 126/20 |
| പദ്ധതി അടങ്കൽ | 95,000 (എസ്‌സിപി വികസന ഫണ്ട്)<br>4,750 (മറ്റുള്ളവ) |
| പദ്ധതി ചെലവ് (ചെലവ് പത്രിക പ്രകാരം) | 95,000 (എസ്‌സിപി വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ഥലങ്ങൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതാണ് പ്രോജക്ടിന്റെ ഉദ്ദേശ്യം. പദ്ധതിയുടെ ഭാഗമായി ബ്ലോക്കിലുള്ള 5 ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയതിനു ശേഷം ഒരു ഗുണഭോക്തൃലിസ്റ്റിലും ഉൾപ്പെടാത്ത കലാഭവൻ മണി ചാരിറ്റബിൾ സൊസൈറ്റി എന്ന സ്ഥാപനത്തിന് ആനുകൂല്യം നൽകിയിരിക്കുന്നു. വാദ്യോപകരണങ്ങൾ പഞ്ചായത്ത് തന്നെ വാങ്ങി നൽകുന്നതാണ് പ്രോജക്ട്. അതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. എന്നാൽ സ്ഥാപനത്തിൽ നിന്നും സംഘം നേരിട്ട് തന്നെ വാദ്യോപകരണങ്ങൾ വാങ്ങുന്നതിന് 13.09.19 ൽ പഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. അനുമതി കത്തിൽ വാങ്ങുന്ന സാധനങ്ങൾ ഭരണസമിതിയെ ബോധ്യപ്പെടുത്തേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

പഞ്ചായത്ത് വിഹിതമായ 95,000/- രൂപയും പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള ഗുണഭോക്തൃവിഹിതമായ 4750/- രൂപയും വാദ്യോപകരണങ്ങൾ വാങ്ങുന്നതിനായി സംഘത്തിന് നൽകിയിരുന്നെങ്കിലും ചെലവ് പത്രികയിൽ 4750/- രൂപയുടെ ചെലവ് ഉൾപ്പെട്ടിട്ടില്ല. മേൽ അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/11.01.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത സംഘത്തിന് ആനുകൂല്യം നൽകുന്നതിന് 21.02.19 ലെ യോഗത്തിലെ 7/1 നം. തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ടെന്നും സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച് ബന്ധപ്പെട്ട കമ്മിറ്റികളിൽ വാക്കാൽ അറിയിച്ചിട്ടുണ്ടെന്നും കോവിഡ് സാഹചര്യത്തിൽ ഭരണ സമിതിയെ നേരിട്ട് ബോധ്യപ്പെടുത്തി വിവരം രേഖാമൂലം വാങ്ങി സൂക്ഷിക്കാൻ കഴിഞ്ഞില്ലെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ വിവരം നിലവിലെ ഭരണസമിതിയെ ബോധ്യപ്പെടുത്തി അറിയിക്കുന്നതാണെന്നും മറുപടി നൽകിയിരിക്കുന്നു. ആയത് ലഭ്യമാക്കേണ്ടതാണ്. വാദ്യോപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപേക്ഷയോടൊപ്പമുള്ള രേഖകൾ പൂർണമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 37/20 |
| പദ്ധതി അടങ്കൽ | 20,50,000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 20,50,000 (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ |

പ്രോജക്ട് രൂപീകരണ ഫോറത്തിലെ ക്രമ നം. 40 ലെ രേഖപ്പെടുത്തൽ പ്രകാരം പദ്ധതി ആനുകൂല്യത്തിനായി സമർപ്പിക്കേണ്ട രേഖകളിൽ ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പ് എല്ലാ അപേക്ഷയോടൊപ്പവും സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | പഞ്ചായത്ത് |
|---|---|---|
| 1 | നിത്യ.ബി.എസ്, ചരുവിള വീട്, ശാസ്തവട്ടം | അഴൂർ |
| 2 | മഞ്ജു.എം.എസ്, വെട്ടുവിള വീട്, കുടവൂർ | മംഗലപുരം |
| 3 | അബിൻ.എസ്.അശോക്, അരുണോദയം, തോന്നയ്ക്കൽ | മംഗലപുരം |
| 4 | ശ്രീഷ്മ.എം.വി, മങ്ങാനത്തുവീട്, പള്ളിപ്പുറം | അണ്ടൂർക്കോണം |
| 5 | ശ്രീതു.എസ്.കെ, പണയിൽ വീട്, കുന്നിനകം | അണ്ടൂർക്കോണം |

| | | |
|---|---|---|
| 6 | സ്നേഹ.എസ്.എച്ച്, പിബി സദനം, അഴൂർ | അഴൂർ |
| 7 | മാളു.എം.എസ്, വെട്ടുവിള വീട്, കുടവൂർ | മംഗലപുരം |
| 8 | സുരഭി.എസ്, കൊച്ചുവീട്ടു വിളാകത്ത് വീട്, പള്ളിപ്പുറം | അണ്ടൂർക്കോണം |
| 9 | വൈഷ്ണവി.എ.കെ, കെ.എസ്.ഭവൻ, ഇടവിളാകം | മംഗലപുരം |
| 10 | അർച്ചന.എ, കൊച്ചുവീട്ടു വിള വീട്, പള്ളിപ്പുറം | അണ്ടൂർക്കോണം |
| 11 | അജിൻ.ഡി, വലിയവിള വീട് | അഴൂർ |
| 12 | പ്രവീണ.ബി.എം, കുന്നിൽ തടത്തരികത്ത് വീട് | പോത്തൻകോട് |
| 13 | നിധിൻരാജ്.ആർ.എസ്, കല്ലുവിള വീട്, കീഴാവൂർ.പി.ഒ | അണ്ടൂർക്കോണം |
| 14 | അഞ്ചുവിജയൻ, പുത്തൻവീട്, പുതുക്കുറിച്ചി | കഠിനംകുളം |
| 15 | അഖിൽ.എൻ.മോഹൻ, മിക്കി ഭവൻ, കുടവൂർ | പോത്തൻകോട് |
| 16 | അഖില.എൽ, മണ്ഡപകുന്നിൽ വീട്, കുരർ | പോത്തൻകോട് |
| 17 | റോഷൻ കുമാർ.പി, റോസ് ഹൗസ്, കുടവൂർ | പോത്തൻകോട് |
| 18 | അർച്ചന.എസ്.സുഗതൻ, സഞ്ചു ഭവൻ, പള്ളിപ്പുറം | അണ്ടൂർക്കോണം |
| 19 | അനന്തു.വി.അനിൽ, തോന്നയ്ക്കൽ കോളനി, കുടവൂർ | പോത്തൻകോട് |
| 20 | ഹരീഷ് കുമാർ.എ.എം, സഞ്ചു ഭവൻ, പള്ളിപ്പുറം | അണ്ടൂർക്കോണം |
| 21 | നിജിത്ത് അനിൽ, ആല്വവിള വീട്, പള്ളിപ്പുറം | അണ്ടൂർക്കോണം |
| 22 | തസ്ലിഗ, അപ്പുക്കുട്ടവിലാസം, പുതുക്കുറിച്ചി | കഠിനംകുളം |
| 23 | മഞ്ജിത.എം.എം, മഞ്ജിത ഭവൻ, ചിറ്റാറ്റുമുക്ക് | കഠിനംകുളം |
| 44 | ശിവലക്ഷ്മി.എസ്, കനാൽ പുത്തൻവീട്, ചിറ്റാറ്റുമുക്ക് | കഠിനംകുളം |
| 55 | അപർണ ബിനു, അനഘ ഭവൻ, മേനംകുളം | കഠിനംകുളം |
| 66 | കൃഷ്ണ ജി.വിജയൻ, വി.ജി. കോട്ടേജ്, ചിറ്റാറ്റുമുക്ക് | കഠിനംകുളം |
| 27 | ബോബി.എസ്.ബാബു, കൃപാ സദനം, ചിറ്റാറ്റുമുക്ക് | കഠിനംകുളം |
| 28 | അഞ്ജലി രാജ്, അമ്മ വീട്, പുതുക്കുറുച്ചി | കഠിനംകുളം |
| 29 | ആര്യനന്ദ.എസ്.എസ്, വലിയവീട്, കുന്നുകാട് | പോത്തൻകോട് |
| 30 | കാവ്യ കാർത്തിക്, പുരയിടത്തിൽ വീട്, കരിച്ചറ | അണ്ടൂർക്കോണം |
| 31 | മിഥുന.ജെ.ദാസ്, സിന്ധു ഭവൻ, പുതുക്കുറിച്ചി | കഠിനംകുളം |
| 32 | വിദ്യാ വിജയൻ, വിദ്യാ ഭവൻ, മേനംകുളം | കഠിനംകുളം |
| 33 | അഭിനവ്.എസ്.ബി, പ്ലാവിള വീട്, പെരുങ്കുഴി | അഴൂർ |
| 34 | ചിപ്പി.എ.ഹരി, ഹരിത ഭവൻ, മുരുക്കുംപുഴ | മംഗലപുരം |
| 35 | അനുമോൾ.എസ്.എസ്, വലിയവീട്, കുന്നുകാട് | പോത്തൻകോട് |
| 36 | നിഷ.ബി, വെളിക്കകം വീട്, അഴൂർ | അഴൂർ |

കൂടാതെ പട്ടികയിലെ ക്രമ നം. 6 ൽ ഉൾപ്പെട്ടിട്ടുള്ള സ്നേഹ.എസ്.എച്ച്, പിബി സദനം, അഴൂർ എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പമുള്ള കോഴ്സ് സർട്ടിഫിക്കറ്റ് 2018-19 വർഷത്തെ യാണ്. മേൽ അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.16/13.01.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്താവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്ത് നിവാസിയാണോയെന്ന് അറിയുന്നതിനു വേണ്ടിയാണ് റേഷൻ കാർഡ് ആവശ്യപ്പെട്ടതെന്നും പഞ്ചായത്തുകളിൽ നിന്നുള്ള ഗ്രാമസഭ ലിസ്റ്റ് പ്രകാരം പഞ്ചായത്ത് നിവാസിയാണെന്ന് ബോധ്യപ്പെട്ടതിനാലാണ് റേഷൻ കാർഡ് ഹാജരാക്കാതിരുന്നത് ന്യൂനതയായി കണക്കാക്കാതിരുന്നത് എന്നും അറിയിച്ചിരിക്കുന്നു. സ്നേഹ എന്ന വിദ്യാർത്ഥിയുടെ 2019-20 വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും പ്രോജക്ട് ഫോറം പ്രകാരം സമർപ്പിക്കേണ്ട രേഖകളെല്ലാം തന്നെ അപേക്ഷയോടൊപ്പം ഹാജരാക്കുന്നതിന് അപേക്ഷകരോട് ആവശ്യപ്പെടേണ്ടതുമാണ്.

1-23 ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | മൽസ്യബന്ധന വല 2019-20 |
| പദ്ധതി നമ്പർ | 65/20 |
| പദ്ധതി അടങ്കൽ | 50,000 (വികസന ഫണ്ട് പൊതുവിഭാഗം)<br>50,000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 10,000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |

1. ചെലവ് പത്രിക പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 10,000/- രൂപയാണ്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വികസന ഫണ്ടിൽ നിന്നുള്ള 10,000/- രൂപയുടെ ചെലവ് കൂടാതെ ഗുണഭോക്തൃ വിഹിതമായി

പഞ്ചായത്തിന് ലഭിച്ച 10,000/- രൂപയിൽ നിന്നും 2019-20 ൽ 5,000/- കൂടി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മൽസ്യബന്ധന വല ലഭ്യമാക്കുന്നതിനായി 27.03.20 ൽ മൽസ്യഫെഡിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 5000/- രൂപയുടെ ചെലവ്, ചെലവ് പത്രികയിൽ വന്നിട്ടില്ല.

2. വലയുടെ ഗുണമേന്മ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായി കാണുന്നില്ല.

3. ഗുണഭോക്താക്കൾ അംഗീകൃത രജിസ്ട്രേഷൻ ലൈസൻസുള്ള പരമ്പരാഗത വള്ളത്തിന്റെ ഉടമയായിരിക്കണം. എന്നാൽ ആനുകൂല്യം ലഭിച്ച ശ്രീ.രാജേന്ദ്രൻ, മണക്കാട്ടിൽ വീട്, കഠിനംകുളം എന്ന വ്യക്തി വള്ളത്തിന്റെ ഉടമയാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല.

4. മൽസ്യഫെഡ് നെറ്റ് ഫാക്ടറിയിൽ നിന്നും 2 വലകളുടെ ടാക്സ് ഇൻവോയിസ് ലഭിച്ചിട്ടുള്ളതായി കാണുന്നു (19.06.20 ലെ MNFMRA/GST/00104, MNFMRA/GST/00105). എന്നാൽ വല ലഭിച്ചതിന്റേയോ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റേയോ വിവരങ്ങൾ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/13.01.22 ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1,2 എന്നിവയ്ക്കുള്ള മറുപടി നൽകിയിട്ടില്ല. ശ്രീ.രാജേന്ദ്രൻ, മണക്കാട്ടിൽ വീട്, കഠിനംകുളം എന്ന വ്യക്തിയുടെ വള്ളത്തിന്റെ രജിസ്ട്രേഷൻ നം. മറുപടിയോടൊപ്പം നൽകിയിട്ടുണ്ട്. കൂടാതെ വല മൽസ്യഫെഡ് ഗുണഭോക്താവിന് നേരിട്ട് നൽകിയത് ബോധ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത വള്ളം ശ്രീ.രാജേന്ദ്രൻ എന്നയാളുടെ ആണെന്ന് തെളിയിക്കുന്ന രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ് കൂടി ലഭ്യമാക്കുന്നതിനും മൽസ്യഫെഡ് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയതായി പറയുന്ന വല ടിയാളുകൾ കൈപ്പറ്റിയതായുള്ള രേഖ ഹാജരാക്കുന്നതിനും വീണ്ടും ഓഡിറ്റ് അന്വേഷണം നം. 40/18.01.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 ചെലവഴിക്കാതെ അവശേഷിച്ച 8000/- രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കിണർ റീചാർജിംഗ് (എസ്‌സിപി) 2018-19 |
| പദ്ധതി നമ്പർ | 104/20 |
| പദ്ധതി അടങ്കൽ | 64,000 (വികസന ഫണ്ട് എസ്‌സിപി) |
| പദ്ധതി ചെലവ് | 32,000 (വികസന ഫണ്ട് എസ്‌സിപി) |
| ബിൽ നം. | 2/29.11.19 |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |

ചെലവ് പത്രിക, ലഭ്യമാക്കിയ ട്രഷറി ബിൽ എന്നിവ പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 32,000/- രൂപയാണ്. പദ്ധതി നടത്തിപ്പിനായി മേൽ തുക പോത്തൻകോട് ഗ്രാമപഞ്ചായത്തിന് നൽകിയെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രം 24,000/- രൂപയുടേതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ചെലവഴിക്കാതെ അവശേഷിക്കുന്ന 8,000/- രൂപ തിരികെ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/13.01.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബാക്കിയുള്ള തുക തിരികെ ഒടുക്കുന്നതിന് പ്രൊസീഡിംഗ്സ് നൽകിയിട്ടുണ്ടെന്നും ട്രഷറിയിൽ ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത തുക തിരികെ ഒടുക്കിയതിനു ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 പർച്ചേസ് ചെയ്ത ലാബ് റീഏജന്റ്സ് സ്റ്റോക്കിലെടുത്തതിൽ അപാകത

| | |
|---|---|
| പദ്ധതിയുടെ പേര് | അണ്ടൂർക്കോണം സിഎച്ച്സിയിൽ ലാബ് റീഏജന്റ്സ് |
| പദ്ധതി നമ്പർ | 33/20 |
| പദ്ധതി അടങ്കൽ | 1,00,000 (റോഡിതര മെയിന്റനൻസ് ഫണ്ട്) |

| | |
|---|---|
| പദ്ധതി ചെലവ് | 99,812 (റോഡിതര മെയിന്റനൻസ് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>സിഎച്ച്സി അണ്ടൂർക്കോണം |

പദ്ധതിയുടെ ഭാഗമായി മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സ്, എബിസി ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവിടങ്ങളിൽ നിന്നും വാങ്ങിയ ലാബ് റീഏജന്റ്സ് സ്റ്റോക്കിലെടുത്തതുമായി ബന്ധപ്പെട്ട് ലാബ് ഐറ്റംസിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കാണുന്ന അപാകതകൾ കണ്ടെത്തി.

1. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ക്രമത്തിലല്ല - 2019-20 ൽ പർച്ചേസ് ചെയ്ത ലാബ് റീഏജന്റ്സ് സ്റ്റോക്കിലെടുത്തത് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത് മാസങ്ങൾക്കു ശേഷമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ടാക്സ് ഇൻവോയിസ് നം. GMD 19-20/546, തീ.05.10.19 പ്രകാരം ടി തീയതിയിൽ ലഭിച്ച Triglycerides സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത് 07.08.20 ന ശേഷവും Micro Slide 23.07.20 ന ശേഷവും HBSAG Card Maxline 18.12.19 ന ശേഷവുമാണ്.

ബി) മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ടാക്സ് ഇൻവോയിസ് നം. GMD 19-20/308, തീ.24.10.19 പ്രകാരം ടി തീയതിയിൽ ലഭിച്ച Triglycerides സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത് 07.08.20 ന ശേഷവും ESR Pipette 02.02.20 ന ശേഷവും HDL Direct 19.03.20 ന ശേഷവും ALT/SGPT 11.01.21 ന ശേഷവും Distilled Water 05.02.20 ന ശേഷവും HAV 1 GM Rapid 18.12.19 ന ശേഷവുമാണ്.

സി) എബിസി ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ ഇൻവോയിസ് നം. B2C/02112/19-20, തീ.22.10.19 പ്രകാരം ടി തീയതിയിൽ ലഭിച്ച Hba1C 15T സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത് 29.01.20 ന ശേഷമാണ്.

2. പർച്ചേസ് ചെയ്ത Glucose 4*250 Ml എന്ന ലാബ് റീഏജന്റ് മെഡികെയർ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ടാക്സ് ഇൻവോയിസ് നം. GMD 19-20/308, തീ.24.10.19 പ്രകാരം ലഭിച്ചത് 3 എണ്ണമാണ്. എന്നാൽ ലാബ് ഐറ്റംസിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 83 പ്രകാരം സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിരിക്കു-
ന്നത് 1 എണ്ണമാണ്. പർച്ചേസ് ചെയ്ത 2 എണ്ണം സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.25/15.01.22 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ കുറവുള്ള 2 എണ്ണം ലാബ് റീഏജന്റ് സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 1-26 സെക്കൻഡറി പാലിയേറ്റീവ് കെയർ – പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സെക്കൻഡറി പാലിയേറ്റീവ് കെയർ |
| പദ്ധതി നമ്പർ | 8/20 |
| പദ്ധതി അടങ്കൽ | 3,00,000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 2,99,972 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>സിഎച്ച്സി പുത്തൻതോപ്പ് |

പദ്ധതിയുടെ ഭാഗമായി വാങ്ങിയ ചുവടെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

1. കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് നം. 571, തീ. 11.05.21 പ്രകാരം പർച്ചേസ് ചെയ്ത Crepe Bandage 6 Cm X 4 M – 12 എണ്ണം സ്റ്റോക്കിലെടുത്തിട്ടില്ല.

2. ജീയെസ് പ്രിന്റേഴ്സിന്റെ ജിഎസ്ടി ഇൻവോയിസ് നം. 309, തീ.15.02.20 പ്രകാരം പർച്ചേസ് ചെയ്ത A3 Size Forms 1000 എണ്ണം, A3 Size Notice 3000 എണ്ണം എന്നിവ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.34/17.01.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സ്റ്റോക്കിലെടുക്കാൻ വിട്ടുപോയവ സ്റ്റോക്കിലെടുക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. പർച്ചേസ് ചെയ്യുന്ന ഓരോ സാധനങ്ങളും യഥാസമയം ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകളിൽ വരവ് വെയ്ക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സമയബന്ധിതമായി കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ : 17/20-പൊതുവിഭാഗം

അടങ്കൽ തുക : ₹55,000/- (വികസന ഫണ്ട്,എസ്.ഡി.പി )

ചെലവ് തുക : ₹50,645/-

നിർവ്വഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

"ക്ഷീര വികസന ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ" പ്രൊജക്ട് 29.11.2019ൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും (₹40,469/-) പ്രിന്ററും(₹10,176/-) കെൽട്രോണിൽ നിന്ന് വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചു. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ചിട്ടും ആയത് ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം.6/22 തീയതി 12.01.2022 ന് ലഭ്യമാക്കിയ മറുപടിയിൽ, 28.08.2020 ലാണ് കമ്പ്യൂട്ടർ ലഭ്യമായതെന്നും, പ്രിന്റർ സ്റ്റോക്കിൽ ഇല്ലാത്തതിനാൽ തുക കെൽട്രോണിൽ നിന്ന് തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് തിരികെ അടവാക്കിയെന്നും അറിയിച്ചു. പ്രിന്ററിന്റെ വില തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-28 സ്നേഹ സ്പർശം പദ്ധതി, പകൽ വീട് പ്രൊജക്ട് - നീക്കിയിരുപ്പ് തുക ബ്ളോക്ക് പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയില്ല.

1. പ്രൊജക്ട് നമ്പർ : 87/20-പൊതുവിഭാഗം

സ്നേഹ സ്പർശം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥ : ശിശു വികസന പദ്ധതി ഓഫീസർ

അടങ്കൽ തുക : ₹2728875/- (വികസന ഫണ്ട് )

ചെലവ് തുക : ₹2728875/- (വികസന ഫണ്ട് )

സ്നേഹ സ്പർശം സ്കോളർഷിപ്പ് പദ്ധതി പ്രകാരം 5 പഞ്ചായത്തുകളിലെ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ബ്ളോക്ക് വിഹിതം ₹2728875/- രൂപ വകയിരുത്തി. ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രത്തിൽ, കഠിനംകുളം ഗ്രാമ പഞ്ചായത്തിനായി വകയിരുത്തിയ ₹961875/- രൂപയിൽ ബാക്കി വന്ന ₹925/- രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 12/01/22 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 9/22 ന് മറുപടി ലഭ്യമാക്കിയില്ല.

2. പ്രൊജക്ട് നമ്പർ : 89/20-പൊതുവിഭാഗം

പകൽ വീട് പദ്ധതി

അടങ്കൽ തുക : ₹900000/- (വികസന ഫണ്ട്)

ചെലവ് തുക : ₹900000/- (വികസന ഫണ്ട്)

ശിശു വികസന പദ്ധതി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പകൽ വീട് പദ്ധതിയിൽ ബ്ലോക്ക് വിഹിതം ₹ 900000/- രൂപ വകയിരുത്തി. ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രത്തിൽ, കഠിനംകുളം ഗ്രാമ പഞ്ചായത്തിനായി വകയിരുത്തിയ ₹300000/- രൂപയിൽ ബാക്കി വന്ന ₹105399/- രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 13/01/22 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 21/22 ന് മറുപടി ലഭ്യമാക്കിയില്ല.

ടി രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 സ്പിൽ ഓവർ പദ്ധതി നടപ്പാക്കിയില്ല

വയോജനങ്ങളിലൂടെ നാട്ടറിവുകളുടെ സമാഹരണം പദ്ധതി

പ്രൊജക്ട് നമ്പർ : 105/20-പൊതുവിഭാഗം

അടങ്കൽ തുക : ₹495000/- (വികസന ഫണ്ട്)

ചെലവ് തുക : 0

നിർവ്വഹണ ഉദ്യോഗസ്ഥ : ശിശു വികസന പദ്ധതി ഓഫീസർ

ജി.ഓ.(എം.എസ്) 72/2017 ത.സ്വ.ഭ.വ. തിരുവനന്തപുരം 29/3/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കേണ്ടതാണ്. പ്രോജക്ട് 105/20 - രേഖകൾ പ്രകാരം 2018-19 ൽ തന്നെ സ്പിൽ ഓവറായ പ്രോജക്ടാണ്. സുലേഖ ചെലവ് പത്രിക പ്രകാരം തൻവർഷം പ്രസ്തുത പദ്ധതി നടപ്പാക്കിയില്ല. 13.01.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/22) വിശദീകരണം ലഭ്യമാക്കിയില്ല. വാർഷിക പദ്ധതി ആസൂത്രണ- നിർവ്വഹണത്തിലെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ഇപ്രകാരമുള്ള ക്രമക്കേടുക സംഭവിക്കാതിരി-ക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ, മോണിറ്ററിംഗ് കമ്മിറ്റി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ് .

## 1-30 ശിശു വികസന പദ്ധതി ഓഫീസർ- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥരായ ശിശു വികസന പദ്ധതി ഓഫീസർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി അണ്ടൂർക്കോണം, നിർദ്ദിഷ്ട മാതൃകയിലുള്ള TR 7A രജിസ്റ്ററിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. വരവു ചെലവു വിവരങ്ങൾ ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. ജി.ഒ(പി)നം. 177/2006 /ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് – ചെലവ് വിവരം രേഖപ്പെടുത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി റജിസ്റ്ററും സൂക്ഷിക്കുകയും വേണം. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ - 24/22,13/01/22,4)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| | മുന്നിരുപ്പ് (എ.എഫ്.എസ് പ്രകാരം) | വരവ് (എ.എഫ്.എസ് പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| വില്ലേജ് പഞ്ചായത്ത് വിഹിതം | 1400000 | 1513075 | 0 | 7771106 |
| ജില്ലാ പഞ്ചായത്ത് | 514,000 | 1400000 | 0 | 0 |

| | | | | |
|---|---|---|---|---|
| വിഹിതം | | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,323,001 | 0 | 0 | 0 |

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ നിന്നുള്ള ചെലവ് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഇ.എം.എസ്. ഭവനപദ്ധതി | 6010265 | 97503 | 38823 | 58680 |
| ഐ.എ.വൈ. | 4968400 | 1877670 | 506390 | 1371280 |

## 4-5 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,92,88,918 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,58,41,196 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,44,000 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 70000 | ശ്രീമതി.രശ്മി,RS,അസി.എക്സി.എൻജിനീയർ |
| 1-15 | 74000 | ശ്രീമതി ഷൈനി.ജി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളാ യവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രശ്മി,RS, അസി.എക്സി.എൻജിനീയർ | അസി.എക്സി.എൻജിനീയർ | ജ്യോതിർഗമയTC-5/1281,അമ്പാടി നഗർലെയിൻ,ശ്രീകാര്യംപി.ഒ. |
| ശ്രീമതി.ഷൈനി.ജി, സെക്രട്ടറി | ബി.ഡി.ഒ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/353/18 തീയതി 20.02.2018 | 2 [29, 31] |
| 2001-02 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/620/2002 തീയതി 19.02.2016 | 3 [3-3, 3-5(1), 3-5(2)[ |
| 2002-03 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/1129/18 തീയതി 06.06.2018 | 2 [3-1, 3-2] |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/622/18 തീയതി 20.02.2018 | 2 [3-6, 3-8] |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ബി&ഡി/1010/2015 തീയതി 04.09.2015 | 7 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/324/18 തീയതി 20.01.2018 | 4 [3-3, 3-7, 3-9, 3-10] |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/625/18 തീയതി 20.01.2018 | 1 |

| | | |
|---|---|---|
| | | [3-5] |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/626/18<br>തീയതി 20.02.2018 | 2<br>[3-8, 3-10] |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ബി.പി./1129/2018<br>തീയതി 06.06.2018 | 5 [3-1, 3-2, 3-3, 3-4, 3-6] |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/629/18<br>തീയതി 20.02.2018 | 1<br>[3-6] |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/2196/18<br>തീയതി 16.10.2018 | 2<br>[3-1(1), 3-1(2)] |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/1129/18<br>തീയതി 06.06.2018 | 2<br>[3-8, 3-9] |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/426/18<br>തീയതി 18.09.2018 | 4<br>2-1, 2-2, 3-1, 3-2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1236/18<br>തീയതി 16.04.2019 | 5<br>[2-1, 2-2(a, B, C), 3-1, 3-4, 3-6] |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/320/2019<br>തീയതി 06.08.2019 | 13 |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/1860/2019<br>തീയതി 17.10.2019 | 27 |

ജോയിന്റ് ഡയറക്ടർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്